Malayala Manorama CHN, 28.06.2012, p.16

# പാഷൻ ഫ്രൂട്ട് കൃഷി: പദ്ധതിയുമായി പൈനാപ്പിൾ റിസർച്ച് സെന്റർ

## ● മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുകയാണു ലക്ഷ്യം

മൂവാറ്റുപുഴ ● വ്യാവസായിക അടിസ്ഥാനത്തിൽ പാഷൻ ഫ്രൂട്ട് ഉൽപാദിപ്പിച്ച് ഇതിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്ന പദ്ധതിക്ക് വാഴക്കുളം പൈനാപ്പിൾ റിസർച് സെന്റർ (പിആർഎസ്) പദ്ധതി തയാറാക്കുന്നു.

കൂടുതൽ വിളവു തരുന്ന പാഷൻ ഫ്രൂട്ട് ചെടികൾ കണ്ടുപിടിക്കാനും ഉൽപാദിപ്പിക്കാനുമായി 16 ലക്ഷം രൂപയുടെ പദ്ധതിയാണു പിആർഎസ് കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയൺമെന്റിനും, സയൻസ് റിസർച് സ്കീമിനും നൽകിയിരിക്കുന്നത്.

ഇതിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാൻ 19 ലക്ഷം രൂപയുടെ പദ്ധതിയും തയാറാക്കിയിട്ടുണ്ട്. നിലവിൽ കേരളത്തിൽ പാഷൻ ഫ്രൂട്ട് സംസ്കരണത്തിനു സർക്കാർ മേഖലയിൽ പദ്ധതികളൊന്നുമില്ല. പാഷൻ ഫ്രൂട്ടിന്റെ എഴുപതു ശതമാനവും ഉള്ളിലെ ജ്യൂസ് എടുത്തശേഷം ഉപേക്ഷിക്കുകയാണ്.

എന്നാൽ ഇവയൊക്കെ വളരെയധികം ഉപയോഗപ്പെടുത്താവുന്നതാണെന്നാണു ന്യൂട്രീഷ്യൻ ആൻഡ് ബയോ എൻജിനീയറിങ് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. പാഷൻ ഫ്രൂട്ട് പൾപ്പ്, ഓയിൽ, സീഡ് കേക്ക് എന്നിവ നിർമിക്കാം. ഇതിൽ നിന്നുൽപാദിപ്പിക്കുന്ന ഓയിൽ ഉപയോഗിച്ച് സൗന്ദര്യവർധക ഉൽപന്നങ്ങളും ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങളും നിർമിക്കാൻ കഴിയും.

ഒരു കിലോഗ്രാം പാഷൻ ഫ്രൂട്ടിൽ നിന്ന് 180 മില്ലി ലീറ്റർ ഓയിൽ ലഭിക്കും. ഓയിൽ ഉൽപാദിപ്പിച്ചതിനുശേഷമുള്ള ഉപോൽപന്നം കാലിത്തീറ്റയ്ക്കും മറ്റും ഉപയോഗിക്കാവുന്ന പ്രോട്ടീൻ അടങ്ങിയിട്ടുള്ള സീഡ് കേക്കാണ്. പാഷൻ ഫ്രൂട്ടിന്റെ തോടിൽ നിന്നു പെക്ടിൻ ഉൽപാദിപ്പിക്കാം.

മധുരപലഹാര വ്യവസായ മേഖലയിൽ പാഷൻ ഫ്രൂട്ടിന്റെ പൾപ്പ് രുചിയും മണവും ഉണ്ടാക്കുന്ന ഫ്ലേവറന്റായി ഉപയോഗിക്കാനും കഴിയും. നിലവിൽ ഉഗാണ്ടയാണു പാഷൻ ഫ്രൂട്ട് വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നത്.

ധാരാളം വിളവു തരുന്ന പാഷൻ ഫ്രൂട്ട് വളരുന്ന കേരളത്തിലെ സാഹചര്യം നന്നായി ഉപയോഗപ്പെടുത്തി പാഷൻ ഫ്രൂട്ട് നല്ല സാമ്പത്തിക ലാഭമുണ്ടാക്കാവുന്ന കൃഷിയായി വളർത്തിയെടുക്കാൻ സാധിക്കാവുന്ന പദ്ധതിയാണു വാഴക്കുളം പൈനാപ്പിൾ റിസർച് സെന്റർ തയാറാക്കുന്നത്.



സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവകലാശാല, പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷൻ, റബർ പോയിന്റ്, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് എന്നിവയുടെ നേതൃത്വത്തിൽ വാഴക്കുളത്ത് കാർഷിക സെമിനാർ ജോസ് പെരുമ്പിള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു. റൂബി തോമസ്, ഡോ. ടി. ലൂക്കോസ്, ജോസ് കളപ്പുര എന്നിവർ സമീപം.

# പൈനാപ്പിൾ മിഷൻ പദ്ധതി പാഴായോ, അതോ...?

**പൈനാപ്പിൾ കൃഷിക്ക് ഹെക്ടറിന് 26000 രൂപ ആനുകൂല്യം പ്രഖ്യാപിച്ചിട്ടും കയറ്റുമതിക്ക് പൈനാപ്പിൾ കിട്ടാനില്ല**

മൂവാറ്റുപുഴ ● ഇഞ്ചി, മഞ്ഞൾ കൃഷിയുടെ പെരുമ കൈവിട്ട കിഴക്കൻ മേഖലയെ പൈനാപ്പിൾ കൃഷിയും കൈവിടുന്നു. പൈനാപ്പിൾ കൃഷിക്ക് ഹെക്ടറിന് 26000 രൂപ ആനുകൂല്യം പ്രഖ്യാപിച്ചിട്ടും പൈനാപ്പിൾ കൃഷിയുടെ കേന്ദ്രമായി അറിയപ്പെടുന്ന വാഴക്കുളത്തു പോലും കയറ്റി അയക്കാനാവശ്യമായ പൈനാപ്പിൾ കിട്ടുന്നില്ല.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പൈനാപ്പിളിന് നാൽപ്പത് രൂപയ്ക്ക് മേൽ വില ഉയർന്നിട്ടുണ്ടെങ്കിലും വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിൽ പോലും ആവശ്യത്തിന് പൈനാപ്പിൾ കിട്ടുന്നില്ലെന്നതാണ് വാസ്തവം.

നാലു മാസങ്ങൾക്കു മുമ്പ് പൈനാപ്പിളിന്റെ വിലയിലുണ്ടായ ഇടിവിൽ കൈ പൊള്ളിയ കർഷകർ ഇത്തവണ പൈനാപ്പിൾ കൃഷിയിൽ നിന്ന് പിന്മാറിയതാണ് ഇപ്പോൾ ക്ഷാമത്തിന് കാരണം.

പൈനാപ്പിളിന് വിലകൂടിയിട്ടുണ്ടെങ്കിലും ഇതിന്റെ ലാഭം കൊയ്യുന്നത് ഇടനിലക്കാരാണ്. കർഷകർക്ക് ഇതുകൊണ്ടു ലാഭമില്ല.

കൃഷി ചെയ്യുന്ന ഭൂമിയുടെ ഉയർത്തിയ പാട്ടത്തുകയും, തൊഴിലാളികൾക്കുള്ള കൂലിവർധനയുമൊക്കെ കാരണം ലാഭം കുറയുന്നുവെന്നു കർഷകർ. വായ്പയെടുത്ത് കൃഷി ചെയ്തിട്ട് ആനുപാതികമായ ലാഭം കിട്ടിയില്ലെന്നു മാത്രമല്ല കഴിഞ്ഞ വർഷം കർഷകർക്ക് വൻ തുക നഷ്ടമുണ്ടാകുകയും ചെയ്തു.

വാഴക്കുളം മാർക്കറ്റിൽ കൊണ്ടുവന്ന പൈനാപ്പിൾ കർഷകർക്ക് വിൽക്കാൻ കഴിയാതെ കുഴിച്ചു മൂടേണ്ടി വന്ന അവസ്ഥയുമുണ്ടായി. വാഴക്കുളത്തെ കർഷകരിൽ പലരും അന്യ സംസ്ഥാനത്തേക്ക് പൈനാപ്പിൾ കൃഷി പറിച്ചു നട്ടിട്ടുണ്ട്.

പതിറ്റാണ്ടുകൾക്ക് മുമ്പ് കിഴക്കൻ മേഖലയിലെ മഞ്ഞൾ, ഇഞ്ചി കർഷകർക്ക് സംഭവിച്ചതിനു സമാനമാണ് പൈനാപ്പിൾ കൃഷിയുടെ നിലവിലെ അവസ്ഥ. ഇത് മുൻകൂട്ടി കണ്ടാണ് ഹോർട്ടി കൾച്ചർ മിഷൻ പൈനാപ്പിൾ കർഷകർക്ക് ഹെക്ടറിന് 26000 രൂപയുടെ ആനുകൂല്യം പ്രഖ്യാപിച്ചത്. ഇതൊടൊപ്പം മഞ്ഞൾ, ഇഞ്ചി കർഷകരെ പ്രോത്സാഹിപ്പിക്കാൻ ഇവ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 12000 രൂപയുടെ ആനുകൂല്യവും പ്രഖ്യാപിച്ചു. ഒരു കാലത്ത് മഞ്ഞളും ഇഞ്ചിയും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും സമൃദ്ധമായി കൃഷി ചെയ്തിരുന്ന കിഴക്കൻ മേഖലയിൽ ഇവയിപ്പോൾ പേരിനു പോലുമില്ല.

ജില്ലയിലെ ഏറ്റവും വലിയ സുഗന്ധവ്യഞ്ജന മാർക്കറ്റ് പ്രവർത്തിച്ചിരുന്ന കാവുങ്കരയിൽ ശേഷിക്കുന്നത് ഇതിന്റെ ഓർമകൾ മാത്രമാണ്.

ഭൂസൂചികാ പദവി ലഭിച്ചിട്ടുള്ള വാഴക്കുളം പൈനാപ്പിൾ പെരുമയ്ക്കും ഇതേ ഗതിയുണ്ടാകാതിരിക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. ഈ ബജറ്റിൽ പ്രഖ്യാപിച്ച പൈനാപ്പിൾ മിഷൻ പദ്ധതിയെ കുറിച്ച് ഇപ്പോൾ കേൾക്കാനില്ലെന്നും കർഷകർ പറയുന്നു.

# രാസവളം: സെമിനാർ നടത്തി

മൂവാറ്റുപുഴ ● രാസവള വിലവർധനയുടെയും ക്ഷാമത്തിന്റെയും പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ രാസവളങ്ങളുടെ പ്രാധാന്യത്തെ കുറിച്ചും ഇവയുടെ ലഭ്യതയെ കുറിച്ചും ചർച്ച ചെയ്ത കാർഷിക സെമിനാർ ശ്രദ്ധേയമായി. സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവകലാശാല, പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷൻ, റബർ പോയിന്റ്, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് വാഴക്കുളത്ത് കാർഷിക സെമിനാർ സംഘടിപ്പിച്ചത്.

പൈനാപ്പിൾ കൃഷിയിലെ സമീകൃത രാസവളപ്രയോഗം, കമ്പോളത്തിൽ ലഭ്യമായ ചെലവു കുറഞ്ഞ രാസവളങ്ങൾ, ഇവയുടെ പ്രയോഗം എന്നിവയെ കുറിച്ച് ക്ലാസുകൾ നടന്നു. വാഴക്കുളം പൈനാപ്പിൾ റിസർച്ച് സ്റ്റേഷനിലെ അസോസിയേറ്റ് പ്രഫസർ ഡോ. പി.പി. ജോയി, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് ഏരിയാ സെയിൽസ് ഓഫിസർ കെ. ഇന്ദുചൂഡൻ എന്നിവർ ക്ലാസെടുത്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോസ് പെരുമ്പിള്ളിക്കുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മഞ്ഞള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് റൂബി തോമസ് അധ്യക്ഷയായി. ഡോ. ടി. ലൂക്കോസ്, ജോസ് കളപ്പുര, സജിമോൾ, ബേബി ജോൺ പേടിക്കാട്ടുകുന്നേൽ എന്നിവർ പ്രസംഗിച്ചു.

Malayala Manorama CHN, 24.06.2012, p.16

# വാഴക്കുളം പൈനാപ്പിൾ റിസർച്ച് സെന്ററിന് കഷ്ടപ്പാടിന്റെ കയ്പ്

**പൈനാപ്പിൾ കൃഷി വികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകാൻ സെന്ററിന് ഇന്നു കഴിയുന്നില്ല**

മൂവാറ്റുപുഴ ● പൈനാപ്പിൾ കൃഷിയുടെ വികസനത്തിനും കർഷകരെ സഹായിക്കാനുമായി വാഴക്കുളത്ത് ആരംഭിച്ച പൈനാപ്പിൾ റിസർച് സെന്റർ പരാധീനതകളാൽ വലയുന്നു. 1995ൽ വാഴക്കുളത്ത് പൈനാപ്പിൾ റിസർച് സ്റ്റേഷൻ ആൻഡ് പെസ്റ്റ് ആൻഡ് സർവൈലൻസ് യൂണിറ്റ് എന്ന പേരിൽ ആരംഭിച്ച സെന്ററിന്റെ

ന്നു ഫാം. ഒരു സയന്റിസ്റ്റും ഓഫീസ് അസിസ്റ്റന്റുമുൾപ്പെടുന്ന രണ്ടു ജീവനക്കാർ മാത്രമാണു സെന്ററിലുള്ളത്.

ബാക്കിയുള്ളവരൊക്കെ ദിവസക്കൂലിക്കാർ. എങ്കിലും വിവിധ ഏജൻസികളുടെ ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ഇനം പൈനാപ്പിളിന്റെ ഉൽപാദനശേഷി കൂട്ടുന്ന ചെടികൾ ഉൽപാദിപ്പിക്കാനും, വ്യാവസായിക അടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്ന സാങ്കേതിക വിദ്യ വളർത്തിയെടുക്കാനും സെന്ററിനു സാധിച്ചിട്ടുണ്ട്. ടിഷ്യു കൾച്ചർ വഴി നല്ലയിനം പൈനാപ്പിൾ ചെടികൾ ഉൽപാദിപ്പിച്ച് വിൽക്കുന്നുമുണ്ട്. നിലവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നുമില്ലെങ്കിലും വിഷൻ 2030

# ചെലവു ചുരുക്കലിന് നിർദേശം; എസിയുടെ തണുപ്പിനും വാഹനത്തിനും നിയന്ത്രണം

**● ആവശ്യമില്ലാത്ത രേഖകൾ അച്ചടിക്കുന്നത് എല്ലാ വകുപ്പുകളും നിർത്തണം**

സ്വന്തം ലേഖകൻ

Mangalam EKM 18.11.2012

# ഭീമൻ വാഴക്കുലയുമായി വർക്കിച്ചേട്ടൻ

വാഴക്കുളം: കാർഷികരംഗം വർക്കിച്ചേട്ടന് ജീവനാണ്. അതുകൊണ്ടുതന്നെ മണ്ണ് എൺപതാം വയസിലും അദ്ദേഹത്തിന് സാന്ത്വനമേകുന്നു. കാവന ചുങ്കംതടത്തിൽ വർക്കിച്ചേട്ടന്റെ പറമ്പിലുണ്ടായ ഭീമൻ വാഴക്കുല അഞ്ചടിയിലേറെ നീളമുള്ളതാണ്. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ വാഴക്കുളത്ത് പ്രവർത്തിച്ചുവരുന്ന പൈനാപ്പിൾ ഗവേഷണകേന്ദ്രത്തിൽ അതിസാങ്കേതികവിദ്യ വഴി ഉത്പാദിപ്പിച്ച ടിഷ്യുകൾച്ചർ വാഴക്കുലയാണ് ഇപ്പോൾ വർക്കിച്ചേട്ടന് നേട്ടമായിരിക്കുന്നത്.

കൃഷിയിടത്തിൽ അധ്വാനത്താൽ പൊന്നുവിളയിക്കുന്ന ഇദ്ദേഹത്തെ മികച്ച കർഷകനായി കർഷകദിനത്തിൽ ആദരിച്ചിരുന്നു. ജീവിതസായാഹ്നത്തിൽ വിശ്രമ ജീവിതത്തേക്കാൾ മണ്ണിന്റെ സാന്ത്വനം തേടുന്ന വർക്കിച്ചേട്ടൻ പൈനാപ്പിൾ ഗവേഷണ



● അഞ്ചടിയിലേറെ ഉയരമുള്ള ടിഷ്യുകൾച്ചർ വാഴക്കുലയുമായി വർക്കിച്ചേട്ടൻ. സമീപത്ത് പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാർ.

കേന്ദ്രവുമായി സഹകരിച്ച് കാർഷിക മേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൊയ്യാനുള്ള ദൃഢനിശ്ചയത്തിലാണ്.